SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# നോട്ടിഫിക്കേഷൻ

No. 3/Ex1/31/SOU/2023 20/12/2024

വിഷയം : ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ യു.ജി/പി.ജി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ചെയർമാൻ, ചീഫ് എക്സാമിനർ, അഡിഷണൽ എക്സാമിനർ, എക്സാം സെന്റർ കോർഡിനേറ്റർ എന്നിവർക്കായുള്ള താത്പര്യപത്രം ക്ഷണിക്കുന്നത് സംബന്ധിച്ച്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ യു.ജി/പി.ജി പ്രോഗ്രാമുകളുടെ എൻഡ് സെമസ്റ്റർ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ ബോർഡിലേക്കുള്ള ചെയർമാൻ, ചീഫ് എക്സാമിനർ, അഡിഷണൽ എക്സാമിനർ, എക്സാം സെന്റർ കോർഡിനേറ്റർ തുടങ്ങിയ ചുമതലകൾ വഹിക്കുന്നതിനായി താത്പര്യമുള്ള കേരളത്തിലെ വിവിധ കോളേജുകളിലേയും (ഗവൺമെൻറ്/എയ്ഡഡ്/സെൽഫ് ഫിനാൻസിങ്) യൂണിവേഴ്സിറ്റി സ്ഥാപനങ്ങളിലേയും അധ്യാപകരിൽ നിന്നും NET/PhD യുള്ള മറ്റ് അധ്യാപകരിൽ നിന്നും ഓൺലൈൻ ആയി താത്പര്യപത്രം ക്ഷണിക്കുന്നു. വിരമിച്ച അധ്യാപകർക്കും അപേക്ഷിക്കാവുന്നതാണ്. സർവ്വകലാശാലയുടെ www.sgou.ac.in എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന https://sgou.ac.in/exam-duty എന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9188920013, 9188920014 എന്നീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. തസ്തിക അനുസരിച്ചുള്ള ചുമതലകൾ ചുവടെ നൽകിയിരിക്കുന്നു.

| തസ്തിക | ചുമതലകൾ |
|---|---|
| ചെയർമാൻ | മൂല്യനിർണയവുമായി ബന്ധപ്പെട്ട ചുമതലകൾ<br>(Prevaluation Board Meeting, Passboard Meeting etc) |
| അഡിഷണൽ എക്സാമിനർ | യു ജി /പി ജി പ്രോഗ്രാമുകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം :<br><br>ഇംഗ്ലീഷ്, മലയാളം, അറബിക് ,ഹിന്ദി, സംസ്കൃതം, സോഷ്യോളജി, എക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ജേർണലിസം, എൻവയോൺമെന്റൽ സയൻസ് ,ഫിലോസഫി, സൈക്കോളജി, കോമേഴ്സ് , പബ്ലിക് അഡ്മിനിസ്ട്രേഷൻ ,ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ ,കമ്പ്യൂട്ടർ സയൻസ് , ഡേറ്റാ സയൻസ് etc |
| ചീഫ് എക്സാമിനർ | അഡിഷണൽ എക്സാമിനർമാരുടെ മൂല്യനിർണയത്തിന്റെ സൂക്ഷ്മ പരിശോധനയും മേൽനോട്ടവും |
| എക്സാം സെന്റർ കോർഡിനേറ്റർ | പരീക്ഷാ ദിവസങ്ങളിൽ സർവകലാശാല പ്രതിനിധിയെന്ന നിലയിൽ ചീഫ് സൂപ്രണ്ടുമായി സഹകരിച്ച് പരീക്ഷാ കേന്ദ്രങ്ങളിലെ പ്രവർത്തങ്ങളുടെ ഏകോപന ചുമതല. |

**അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷാ വിഭാഗം)**